# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2312 19/7/2016-ലെ മറുപടിയ്ക്ക്

**പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;<br><br>ബി) ഇത്തരം ഉല്പന്നങ്ങൾക്ക് ആവശ്യമായ പ്രചരണം നൽകി വിപണി വിപുലപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്യുന്നതെന്ന് വിശദമാക്കുമോ? | എ) & ബി) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല.<br>കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്,വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസ്സസിംഗ് കമ്പനി ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ,കേരള സ്റ്റേറ്റ് കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരഫെഡ് എന്നീ പൊതു മേഖലാ സ്ഥാപനങ്ങൾ നിലവിലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി അവരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്. ഡീലർമാർ, ഏജൻസികൾ എന്നിവ മുഖേനയും എക്സിബിഷനുകളിലൂടെയും ടി സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് പ്ര.ചരണം നൽകി വരുന്നു. കൂടാതെ കാർഷിക ഉത്പന്നങ്ങൾ ഒരു കുടക്കീഴിൽ എന്ന ലക്ഷ്യത്തോടെയുള്ള സർക്കാർ സംരംഭമായ 'അഗ്രോ ബസാറുകൾ ' വഴി മൂല്യവർദ്ധിത ഉൽപന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിന് നടപടി |

സ്വീകരിച്ച് വരുന്നു. തൃശ്ശൂർ , കോഴിക്കോട്, തിരുവനന്തപുരം എന്നീ 3 അഗ്രോബസാറുകളാണ് ആദ്യ ഘട്ടമെന്ന നിലയിൽ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും അഗ്രോ ബസാറുകൾ തുടങ്ങുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ